Circular No: 159
**Faith Formation**
**Day 2014**

The Catholic Metropolitan's House
P.B.No.71, Kottayam
Kerala, India - 686001

Date: 17-11-2014

പ്രിയ ബഹു. അച്ചാ, പ്രിയ ദൈവജനമേ,

2014 ഡിസംബർ 14-ാം തീയതി ഞായറാഴ്ച നമ്മുടെ അതിരൂപത വിശ്വാസ പരിശീലന ദിനമായി ആചരിക്കുകയാണ്. നമ്മുടെ അതിരൂപതയിലെ എല്ലാ ഇടവകകളിലും വിശ്വാസ പരിശീലന ക്ലാസുകൾ ഭംഗിയായി നടക്കുന്നു എന്നതിൽ അഭിമാനിക്കുന്നു. ഈ രംഗത്ത് സജീവമായി പ്രവർത്തിക്കുന്ന അദ്ധ്യാപകരേയും സിസ്റ്റേഴ്സിനേയും അവർക്ക് പ്രോത്സാഹനം നൽകുന്ന ബഹു. വികാരിമാരെയും ഹാർദ്ദമായി അനുമോദിക്കുന്നു. അതിരൂപതയിലെ വിശ്വാസ പരിശീലന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന അതിരൂപതാ വിശ്വാസ പരിശീലന കമ്മീഷൻ ടീമിനേയും നന്ദിയോടെ സ്മരിക്കുന്നു.

"ഞാൻ നിങ്ങളോട് കല്പിച്ചിട്ടുള്ളവയെല്ലാം അനുസരിക്കാൻ അവരെ പഠിപ്പിക്കുവിൻ" (Mt 28:20) എന്ന് ഈശോ ശിഷ്യരോട് പറഞ്ഞു. ഈശോ നൽകിയ ഈ ദൗത്യത്തിന്റെ നിർവഹണമാണ് സഭയുടെ ഏറ്റവും വലിയ കടമ.

പഠിപ്പിക്കുവാനുള്ള ഈ ആഹ്വാനം സ്വീകരിച്ച സഭ ദൈവവചനം പ്രസംഗിക്കുമ്പോൾ മനുഷ്യഹൃദയങ്ങളിൽ വിശ്വാസം സംജാതമാകുന്നു. ദൈവവചനം നമുക്ക് വെളിപ്പെടുത്തുന്നതു ദൈവത്തിന്റെ സ്നേഹമാണ്. ഈശോ വഴി ദൈവം മനുഷ്യർക്ക് സ്വയം വെളിപ്പെടുത്തുകയും സ്വയം ദാനം ചെയ്യുകയും ചെയ്യുന്നു. ദൈവത്തിന്റെ ദാനമായ ഈശോയെ നമ്മുടെ ജീവിതത്തിലേക്ക് സ്വീകരിച്ചുകൊണ്ട് പ്രത്യുത്തരം കൊടുക്കുക എന്നതാണ് ക്രൈസ്തവ വിശ്വാസം. ഈ പ്രത്യുത്തരം നൽകുവാൻ നമ്മെ സജ്ജമാക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുന്ന പ്രവർത്തനമാണ് വിശ്വാസ പരിശീലനം.

ഈശോ വഴി പ്രകടമായ ദൈവസ്നേഹത്തിന് പ്രത്യുത്തരം നൽകി സംജാതമാകുന്ന വിശ്വാസം ഒരു വിത്തിന് സദൃശമാണ്. മുളച്ചു വരുന്ന വിത്തിന് വെള്ളം വേണം, വളം വേണം, സൂര്യപ്രകാശം വേണം. എങ്കിലേ അത് വളർന്ന് പക്വത പ്രാപിച്ച് ഫലം പുറപ്പെടുവിക്കൂ. നമ്മുടെ ആത്മാവിൽ ദൈവം വിതച്ച വിശ്വാസത്തിന്റെ വിത്തും ഇതുപോലെ തന്നെ വെള്ളവും വളവും പ്രകാശവും കൂടാതെ വളർന്ന് വരില്ല. ഈ വെള്ളവും വളവുമൊക്കെയാണ് വിശ്വാസ പരിശീലനമെന്ന് പറയുന്നത്. ഈശോയെ അടുത്തറിയുക, അവിടുത്തെ പ്രബോധനങ്ങൾ മനസിലാക്കുക, അവിടുത്തെ സ്നേഹത്തിൽ വളരുക, കൂദാശകൾ വഴി ക്രിസ്തീയ സ്നേഹത്തിനുള്ള ശക്തി നേടുക ഇവയെല്ലാം വിശ്വാസ പരിശീലനത്തിലൂടെ നമുക്ക് ലഭിക്കുന്നു. മരണം വരെ തുടരേണ്ട ഒരു പ്രക്രിയയാണ് വിശ്വാസ പരിശീലനം.

ഒരു ചെടിയുടെ വളർച്ചയിൽ ഏറ്റവും കൂടുതൽ ശ്രദ്ധയും ശുശ്രൂഷയും ആവശ്യമായിരിക്കുന്നത് അത് തീരെ ചെറുതായിരിക്കുമ്പോഴാണല്ലോ. വിശ്വാസമാകുന്ന വിത്തിന്റെ വളർച്ചയിലും അങ്ങനെ തന്നെ. കുഞ്ഞുങ്ങൾക്കാണ് വിശ്വാസ പരിശീലനം ഏറ്റവും കൂടുതൽ ആവശ്യം. കുഞ്ഞുങ്ങളുടെ വിശ്വാസ പരിശീലനം കുടുംബത്തിൽ ആരംഭിക്കുന്നു. 'ഉൽകൃഷ്ടമായ മനുഷ്യത്വത്തെ വളർത്തിയെടുക്കുന്ന പഠനക്കളരിയായിട്ടാണ്' വത്തിക്കാൻ കൗൺസിൽ കുടുംബത്തെ വിശേഷിപ്പിക്കുന്നത്.

വിശ്വാസ പരിശീലനത്തിന്റെ പ്രധാനപ്പെട്ട വേദിയാണ് കുടുംബം. മാതാപിതാക്കളാണ് കുട്ടികളുടെ പ്രഥമ അദ്ധ്യാപകർ. കുടുംബത്തിൽ മാതാപിതാക്കൾ മാതൃകാ ജീവിതം നയിച്ചുകൊണ്ട് മാനുഷിക സാമൂഹ്യമൂല്യങ്ങൾ മക്കളിലേക്ക് കൈമാറുന്നു. കുടുംബത്തിനുള്ളിലെ ബന്ധങ്ങൾ വിശ്വാസം പക്വത പ്രാപിക്കുന്നതിന് ഇടയാകും. കുടുംബത്തിൽ നിന്ന് ലഭിക്കുന്ന വിശ്വാസ ജീവിത പരിശീലനങ്ങളിൽ ആഴപ്പെടുത്തലുകളും കൂട്ടിച്ചേർക്കലുകളും നടത്തുവാൻ മാത്രമേ ഇടവകയിലെ വിശ്വാസ പരിശീലന കേന്ദ്രങ്ങൾക്കും വിശ്വാസ ജീവിത പരിശീലകർക്കും സാധിക്കൂ.

സുഭാഷിതങ്ങളുടെ പുസ്തകത്തിൽ വചനം നമുക്ക് ഉറപ്പു തരുന്നു. "ശൈശവത്തിൽ തന്നെ നടക്കേണ്ട വഴി പരിശീലിപ്പിക്കുക; വാർദ്ധ്യകൃത്തിലും അതിൽ നിന്ന് വ്യതിചലിക്കില്ല (സുഭാ. 22:6). പ്രിയ

മാതാപിതാക്കളെ വിശ്വാസമനുസരിച്ച് ജീവിക്കുന്ന പുതിയ തലമുറയെ കർത്താവിനായ് നേടിയെടുക്കുക. വീണ്ടും വചനം പറയുന്നു. "പിതാക്കന്മാരേ, കുട്ടികളെ കർത്താവിന്റെ ശിക്ഷണത്തിലും ഉപദേശത്തിലും വളർത്തുവിൻ" (എഫേ. 6:4). കുട്ടികൾ വായിക്കുന്ന പുസ്തകം മാതാപിതാക്കന്മാരുടെ ജീവിതമാണ്.

മക്കളെ തിരുത്തണം, ശാസിക്കണം. വേണ്ട പ്രായത്തിൽ വേണ്ട ശിക്ഷണം ലഭിക്കാത്ത കുഞ്ഞുങ്ങൾ കുടുംബത്തിനും സമൂഹത്തിനും ഭാരമായിത്തീരാറുണ്ട്. ശിക്ഷണരാഹിത്യം കുടുംബത്തിലും സമൂഹത്തിലും തിന്മ വിതയ്ക്കാൻ ഇടയാകും. പ്രഭാഷകന്റെ പുസ്തകം 30:1-13 ൽ പറയുന്നു. ശിക്ഷണം നൽകാതെ മക്കളുടെ കൂടെ കളിച്ച് രസിച്ചു നടക്കുന്നവർ പിന്നീട് ദുഃഖിച്ച് പല്ലിറുമ്മേണ്ടി വരും. കുഞ്ഞുങ്ങൾ തെറ്റു ചെയ്യുമ്പോൾ ശ്രദ്ധയോടെ തിരുത്തുകയും നേർവഴിക്ക് നയിക്കുകയും ചെയ്യണം.

മാതാപിതാക്കൾ കഴിഞ്ഞാൽ കുട്ടികളുടെ വിശ്വാസ രൂപീകരണത്തിൽ ശ്രദ്ധിക്കേണ്ടതു അധ്യാപകരാണ്. പ്രിയ അധ്യാപകരെ, നിങ്ങൾ കുഞ്ഞുങ്ങളിൽ ദൈവത്തിന്റെ ഓർമ്മ സജീവമാക്കുന്നവരാണ്. കുഞ്ഞുങ്ങളെയും യുവജനങ്ങളെയും കർത്താവിനെ അറിയാൻ പ്രാപ്തരാക്കുന്നതുവഴി സഭയെ കെട്ടിപ്പടുക്കുകയാണ്. വിശ്വാസ പരിശീലകരായി ജോലി ചെയ്യുകയല്ല വിശ്വാസ പരിശീലകരായി 'ജീവിക്കുക' ഇതാണ് നിങ്ങളുടെ ദൈവവിളി. 'വിശ്വാസ പരിശീലകൻ' എന്നത് പേരോ, പദവിയോ അല്ല, വിശ്വാസ പരിശീലകർ ജിവിതകാലം മുഴുവൻ ക്രിസ്തുവിൽ നവമായി ജീവിക്കുന്നവരാണ്. ഈശോയോടൊപ്പം വസിക്കുകയും ഈശോയെ ദൃശ്യമാക്കുകയും ചെയ്യുന്ന മതാധ്യാപകരെയാണ് സഭയ്ക്കാവശ്യം.

ഇടവകയിലെ ഏറ്റവും പ്രധാനപ്പെട്ട കർത്തവ്യം വിശ്വാസ പരിശീലനമാണെന്ന് ദൈവജനത്തെ ഓർമ്മപ്പെടുത്തുകയും അധ്യാപനത്തിൽ ഏർപ്പെട്ടിരിക്കുന്ന എല്ലാവർക്കും പ്രോത്സാഹനം നൽകുകയും ചെയ്യേണ്ടവരാണ് ഇടവക വികാരിമാർ. കുടുംബങ്ങളിലും ഇടവകയിലും വിശ്വാസ പരിശീലന പ്രവർത്തനങ്ങൾ കൂടുതൽ സജീവമാക്കാൻ ഓരോ വികാരിയച്ചന്മാരും പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

അവസാനമായി പ്രിയപ്പെട്ട കുഞ്ഞുമക്കളോട് ഒരു വാക്ക്. നിങ്ങൾ ഈശോയുടേതാണ്. നിങ്ങളുടെ ജ്ഞാനസ്നാനത്തിൽ അതാണ് സംഭവിച്ചത്. ഈശോയുടേതാണെന്ന് ഏറ്റു പറയുന്നതിൽ നിങ്ങൾ അഭിമാനം കൊള്ളുന്നുണ്ടെന്ന് ഞാൻ കരുതുന്നു. ഈശോയെ കൂടുതൽ അറിയാനും, സ്നേഹിക്കാനും, ആരാധിക്കാനും അവിടുത്തേക്ക് സാക്ഷ്യം വഹിക്കാനും സാധിക്കുന്ന അന്തരീക്ഷം നിങ്ങളുടെ കുടുംബത്തിലും ഇടവകയിലും വിദ്യാലയത്തിലും സമൂഹത്തിലും ഉണ്ടാകുവാൻ ആഗ്രഹിക്കുക. വിശ്വാസ പരിശീലന പ്രക്രിയയിൽ പങ്കാളികളാകുന്ന ഇടവകയിലെ എല്ലാവരും ഈശോയെപ്പോലെ പ്രായത്തിലും വലുപ്പത്തിലും ആരോഗ്യത്തിലും ജ്ഞാനത്തിലും ദൈവത്തിന്റെയും മനുഷ്യരുടേയും മുൻപാകെ കൃപയിലും വളർന്ന് വരാൻ ഈ വിശ്വാസ പരിശീലനദിനം പ്രചോദനമാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

സ്നേഹപൂർവ്വം,

✠ **മാർ മാത്യു മൂലക്കാട്ട്**

കോട്ടയം അതിരൂപതയുടെ മെത്രാപ്പോലീത്ത

---

NB: ഈ സർക്കുലർ 2014 ഡിസംബർ 14-ാം തീയതി ഞായറാഴ്ച നമ്മുടെ എല്ലാ ദൈവാലയങ്ങളിലും സ്ഥാപനങ്ങളിലും വി. കുർബാനമദ്ധ്യേ വായിച്ചറിയിക്കേണ്ടതും അന്നത്തെ സ്തോത്രകാഴ്ച വിശ്വാസ പരിശീലന പ്രവർത്തനങ്ങൾക്കായി അതിരൂപതാ കേന്ദ്രത്തിൽ ഏല്പിക്കേണ്ടതുമാണ്.